# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

03.12.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1517

### മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടലിൽ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഒരുക്കുന്നതിനും ആവശ്യമായ മുന്നറിയിപ്പുകൾ നൽകുന്നതിനും ആകാശവാണിയുടെ മീഡിയം വേവ് റേഡിയോ വഴി സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കടലിൽ മത്സ്യത്തൊഴിലാളികൾക്ക് മീഡിയം വേവ് റേഡിയോ വഴി സന്ദേശങ്ങൾ എത്തിക്കാൻ കഴിയുമോ എന്ന കാര്യം ആകാശവാണിയുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരികയാണ്. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയം നടത്തുവാൻ ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം ലഭ്യമാക്കും എന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | ഐ.എസ്.ആർ.ഒ നാവിക് സാങ്കേതികവിദ്യ കെൽട്രോണിന് കൈമാറുകയും കെൽട്രോൺ വ്യവസായികാടിസ്ഥാനത്തിൽ നാവിക് നിർമ്മിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി ഐ.എസ്.ആർ.ഒ നേരിട്ട് 500 നാവിക് ഉപകരണങ്ങൾ സൗജന്യമായി ഫിഷറീസ് വകുപ്പിന് കൈമാറുകയും ഓഖി വാർഷിക അനുസ്മരണ സമ്മേളനത്തിൽ വച്ച് 30/11/2018 ന് ബഹു.മുഖ്യമന്ത്രി 'നാവിക്' വിതരണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കൂടാതെ 15000 എണ്ണം നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ഇതിനായി 15.93 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ആദ്യ പടിയായി 5000 നാവിക് ഉപകരണങ്ങൾ വാങ്ങുന്നതിന് കെൽട്രോണും ഫിഷറീസ് ഡയറക്ടറുമായി 30/11/2018 ന് കരാർ ഒപ്പു വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

45